6

# "ഞാൻ ആകുന്നവൻ" എന്ന പ്രസ്താവനകൾ ഭൂമിയിലെ പുത്രന്റെ ദൈവികത്വത്തെ പ്രതിഫലിപ്പിക്കുന്നു

യേശുവിന്റെ കാലത്തെ മതപരമായ വ്യവസ്ഥയും ചരിത്രപരമായ ഏർപ്പാടുകളും യേശുവിന്റെ ജീവിതത്തിലെ പല അവകാശങ്ങളും മനസ്സിലാക്കിത്തരുന്നു. എങ്ങനെയായാലും, ചരിത്രത്തിനോ അല്ലെങ്കിൽ മതപരമായ ചിന്തക്കോ, സംസ്ക്കാരത്തിനോ, കാലത്തിനോ, സ്ഥലത്തിനോ പരിമിതപ്പെടുത്താനോ, വിലയിരുത്തുവാനോ കഴിയാത്ത പ്രാധാന്യമുള്ളവനാണ് യേശു. മറിച്ചു, അവൻ ഇവയ്ക്കു ഓരോന്നിനും ശരിയായ അർത്ഥം നൽകുകയാണ് ചെയ്യുന്നത്. അവൻ ദൈവമായിരുന്നതുകൊണ്ടാണ് അവക്കു വിശേഷത നല്കിയത്. അവയ്ക്കുള്ളിൽ ദൈവ - മനുഷ്യനായി ജീവിച്ചുകൊണ്ടാണ് അവൻ അവയ്ക്ക് അർത്ഥം നല്കിയത്. നമ്മുടെ നിലനില്പിനു ഒഴിച്ചു കൂടാൻ പറ്റാത്തതാണ് ജീവിച്ചു കൊണ്ടാണ് അവൻ അവയ്ക്ക് അർത്ഥം നല്കിയത്. നമ്മുടെ നിലനില്പിനു ഒഴിച്ചു കൂടാൻ പറ്റാത്തതാണ് അവന്റെ ദൈവികത്വവും മനുഷ്യത്വവും. *അവന്റെ ദൈവികത്വമില്ലാതെ നാം സൃഷ്ടിക്കപ്പെട്ടിരിക്കയില്ല; അവന്റെ മനുഷ്യത്വം ഇല്ലെങ്കിൽ നാം രക്ഷിക്കപ്പെടുമായിരുന്നില്ല.*

താൻ ദൈവമായിരുന്നു എന്നു യേശു പഠിപ്പിച്ചതിൽ, പിന്നെ, അതിശയിക്കാനില്ല. അവന്റെ ദൈവികത്വത്തെ പുതിയ നിയമ എഴുത്തുകാർ ഊന്നി പറഞ്ഞതിലും അതിശയിക്കാനില്ല. യേശുവിന്റെ ജീവിതവും ഉപദേശവും അടിസ്ഥാനമായി ഇല്ലെങ്കിൽ യേശു, തത്വജ്ഞാനി, ധാർമ്മികൻ, ഉപദേശകൻ; എന്നീ നിലയിൽ

ശ്രേഷ്ഠരായവരേക്കാൾ ഒട്ടും മെച്ചമാമാവുകയില്ലായിരുന്നു. അപ്പോൾ പാപങ്ങളിൽ രക്ഷ നേടുവാനുള്ള നമ്മുടെ പ്രത്യാശ അടിസ്ഥാനമില്ലാതെ വെറുതെ ആകുമായിരുന്നു. നമുക്ക് ഈ പ്രശ്നം നേരോടെ നേരിടാം: ഒന്നുകിൽ യേശു ദൈവ ആണ്, അല്ലെങ്കിൽ *അവൻ* ക്രൂരമായ ഒരു കപടവേഷധാരി. ഈ ചോദ്യത്തെക്കുറിച്ചു അവന്നു ചുരുക്കമായി എന്താണ് പറയുവാനുള്ളത്?

**അവന്റെ ദൈവികത്വം ഉറപ്പിച്ചു**

അവൾ ദൈവം എന്നു വിചാരിക്കാതെ പലരും യേശുവിനെ "ദൈവ പുത്രൻ" എന്നു വിളിച്ചിട്ടുണ്ട്. "മശിഹ" എന്ന വാക്കിൽ, ദൈവികത്വത്തെ, ഊന്നി പറയുന്നില്ല എന്നു നാം കണ്ടു. അവന്റെ അത്ഭുതങ്ങൾ എല്ലായ്പ്പോഴും നിർബ്ബന്ധിച്ച് ദൈവം എന്നു വിശ്വസിപ്പിച്ചില്ല. അവൻ പലപ്പോഴും "മനുഷ്യ പുത്രൻ" എന്നു തന്നെ *പരിചയപ്പെടുത്തിയത് അവൻ ദൈവമാണെന്നു ഉറപ്പിക്കുന്ന രീതിയാണ്.* എന്ന് പലർക്കും മനസ്സിലായില്ല, എങ്ങനെയായാലും, താൻ *ദൈവമാണെന്ന* യേശുവിന്റെ പ്രത്യോക അവകാശങ്ങൾ നാം പരിശോധിച്ചില്ല. നമുക്ക് ഇപ്പോൾ അതു ചെയ്യാം.

യേശു ഒരു യഹൂദനായിരുന്നു. അവന്റെ ശരീരവളർച്ച, പഠനം, ജീവിതം, പ്രവൃത്തികൾ എല്ലാം കണ്ട യെഹൂദ പ്രമണിയായിരുന്ന നിക്കോദേമൊസ്, യേശുവിനെ സംബോധന ചെയ്തു പറയുന്നു, "റബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു" (യോഹന്നാൻ 3:2).യേശുവിന്നു തോറ അറിയാമായിരുന്നു; തോറ ഉപദേശിക്കുന്നവർക്കു അറിയാമായിരുന്നു യേശുവിനു അതു നന്നായി അറിയാമെന്ന്. അതുകൊണ്ടു, തന്റെ ദൈവികത്വത്തിന്റെ ദൈവികത്വത്തിന്റെ സാക്ഷിയായി അവൻ തിരുവെഴുത്ത് ഉദ്ധരിച്ചപ്പോൾ, അവൻ പറഞ്ഞത് അവർക്കു മനസ്സിലാകാതെയിരുന്നില്ല. അവർ അമ്പരക്കുകയും ജ്വലിപ്പിക്കപ്പെടുകയും ചെയ്തു കാരണം അവൻ ഗൗരവമുള്ളവനായിരുന്നു. അവൻ ദൈവമെന്നു അവകാശപ്പെടുന്നതായി അവർ അറിഞ്ഞു.

മോശെക്കു ദൈവം വെളിപ്പെടുത്തി കൊടുത്ത[1] ദൈവ നാമത്തെ യെഹൂദന്മാർ ഭയഭക്തിപൂണ്ട് ആ നാമം ഉച്ചരിക്ക പോലും ചെയ്തില്ല. ഈ വേദഭാഗതെളിവുകൾ നമ്മെ, ബി.സി. 100 ലെ ചാവുകടൽ ചുരുളുകളിലേക്കു കൊണ്ടുപോകുന്നു. യെശയ്യാവിന്റെ ചാവുകടൽ ചുരുളുകൾ കാണിക്കുന്നതു ശാസ്ത്രിമാർ *അഡോണേ* (കർത്താവു) എഴുതിയപ്പോൾ *യാഹ്വേ* എന്ന വാക്കിനു (ദൈവം) മുകളിൽ ആണ് എഴുതിയത്[2] അങ്ങനെ അവാച്യമായ പേരിനു പകരം, അവരോട് "കർത്താവു" എന്നു പറയുവാനാണ് ഓർപ്പിച്ചത്. തീർച്ചയായും മോശെക്കു ദൈവം വെളിപ്പെടുത്തിക്കൊടുത്ത നാമം യാഹ്വേഎന്നായിരുന്നു. "ആയിരിക്കുക" എന്ന ക്രിയാരൂപം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവം മോശെക്കു വെളിപ്പെടുത്തി കൊടുത്തത് ''ഞാൻ'' അല്ലെങ്കിൽ ''ഞാൻ ആകുന്നവൻ'' (ഞാനാകുന്നവൻ

ഞാനാകുന്നു), ഉള്ളവൻ എന്നർത്ഥം.

ഈ നാമം തനിക്കുതന്നേ യേശു നല്കിയപ്പോൾ, യെഹൂദന്മാർക്കുണ്ടായ കോപവും വിദ്വേഷവും നമുക്കു മനസ്സിലാക്കാൻ പ്രയാസം നേരിടുന്നുണ്ട്: "യേശു അവരോടു *ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, അബ്രഹാം ജനിച്ചതിനു മുമ്പെ, ഞാൻ ഉണ്ട് എന്നു പറഞ്ഞു* ... !" (യോഹന്നാൻ 8:58, 59; എംഫസിസ് മൈൻ). ഇതു അന്തിമ പ്രഖ്യാപനം ആയിരുന്നു ഇതിനേക്കാൾ വലിയ അവകാശം ഉന്നയിക്കുവാനില്ല.

*ഇഗോ എയ്മി* ("ഞാൻ") പുതിയ നിയമത്തിൽ മാത്രമല്ല, ദൈവത്തെ സൂചിപ്പിച്ചു പറഞ്ഞിരിക്കുന്നത് എബ്രായ ഭാഷയിൽ ദൈവത്തെ സംസാരിക്കുന്നതു തർജ്ജിമ ചെയ്തിരിക്കുന്നതിലും, *'ആനി, ആനി ഹു* ("അവൻ ഞാൻ ആകുന്നു''), അതു ശക്തമായി പറഞ്ഞിട്ടുണ്ട് (അവർത്തന പുസ്തകം 32:39). പ്രസ്താവന ഊന്നി പറയുകയല്ലാതെ പരിഗണിക്കുവാൻ മറ്റെന്താണ് ചെയ്യുക. എൻ. ഐ.വിയിലെ "ഞാൻ സത്യം പറയുന്നു" എന്ന പ്രയോഗം ആണ് മൂലഭാഷയിൽ, "ആമേൻ, ആമേൻ" എന്നു പാരമ്പര്യമായി തർജ്ജിമ ചെയ്തിരിക്കുന്നത് "വെറിലി, വെറിലി" (കെ ജെ വി), "ട്രൂലി, ട്രൂലി" (ആൻ എസ് വി), മുതലായവ.[3]

എങ്ങനെയായാലും, യെഹൂദന്മാർ അവനിൽ വിശ്വസിച്ചില്ല. അവന്റെ അവകാശത്തെ അവർ ദൈവദൂഷണമായി കരുതി. ദൈവ ദൂഷണം കല്ലെറിഞ്ഞുകൊല്ലാവുന്ന ശിക്ഷയാകയാണ് (ലേവ്യാപുസ്തകം 24:16), റോമാ നിയമത്തിൽ കീഴിലായിരുന്ന അവർക്കു അനുവാദം ഇല്ലാത്തതുകൊണ്ട് പുരുഷാരത്തെ ഇളക്കി വിട്ടു (യോഹന്നാൻ 18:31).

എല്ലാം പരിഗണിച്ചുകൊണ്ടു, "ഞാൻ" എന്നു പറഞ്ഞിരിക്കുന്നു ഫോർമുല താഴെ കൊടുത്തിരിക്കുന്നതു ശരിയായിരിക്കും എന്നു തോന്നുന്നു: തന്നെക്കുറിച്ചുള്ള യേശുവിന്റെ ധീരമായ പ്രഖ്യാപനം ആയിരുന്നു അത് "ഞാൻ" ഇതിനർത്ഥം: *എവിടെ ഞാനുണ്ടോ, അവിടെ ദൈവം ഉണ്ട്, അവിടെ ദൈവം ജീവിക്കയും, സംസാരിക്കയും, വിളിക്കയും, ചോദിക്കയും, പ്രവൃത്തിക്കയും, തീരുമാനിക്കയും, സ്നേഹിക്കയും ചെയ്യുന്നു* ... അതിനേക്കാൾ ധീരമായി പറയുവാനോ, അല്ലെങ്കിൽ ഊഹിക്കുവാനോ അല്ല.[4]

പ്രാഥമികമായ ഏറ്റു പറച്ചിലല്ല ഈ സുപ്രധാന പ്രസാതവന അതിനേക്കാൾ ശ്രേഷ്ഠമാണ്. അത് ഒരു അതിശയിപ്പിക്കുന്ന *പ്രഖ്യാപനമാണ്*. അതു ദൈവത്തിന്റെ തന്നെ ഭാഷയാണ് (ഉദാഹരണമായി യേശയ്യാവ് 41:4). ഇതു മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, യേശുവിന്റെ ജീവിതത്തിലെ പല പ്രസ്താവനകളും പ്രത്യേക പ്രാധാന്യം ഉള്ളതാണെന്നു കാണാം. ചില ഉദാഹരണങ്ങൾ നോക്കുക: "*ഞാൻ* ജീവന്റെ അപ്പം ആകുന്നു," "*ഞാൻ* ലോകത്തിന്റെ വെളിച്ചം ആകുന്നു," "*ഞാൻ* ആടുകളുടെ വാതിൽ ആകുന്നു." "ഞാൻ നല്ല ഇടയൻ ആകുന്നു" "ഞാൻ ജീവൻ ആകുന്നു," "*ഞാൻ* പുനരുത്ഥാനം ആകുന്നു," "*ഞാൻ* തന്നെ വഴി," "*ഞാൻ* തന്നെ സത്യം," "*ഞാൻ* സാക്ഷാൽ മുന്തിരി വള്ളിയാകുന്നു" (യോഹന്നാൻ 6:35; 8:12; 10:7, 11; 11:25; 14:6; 15:1; എംഫസിസ് മൈൻ) എങ്ങനെ ഒരാൾക്കു അത്തരം പ്രസ്താവനകൾ

സ്വയം നടത്തുവാൻ കഴിയും? ആരോ പറഞ്ഞു, യേശു ഒരു ഭ്രാന്തനോ, മതഭ്രാന്തനോ, അല്ലെങ്കിൽ ദൈവം ആയിരിക്കും എന്ന് ഈ വിവരണങ്ങൾ വായിച്ചു കൊണ്ട്, അവയെ വിശ്വസിച്ചുകൊണ്ട്, യേശു മതഭ്രാന്തനെന്നു പറയാൻ ശ്രമിച്ചാൽ അയാൾക്ക് എന്തോകുഴപ്പമുണ്ടെന്നു തോന്നും.

**അവന്റെ ദൈവികത്വം ഉറപ്പിച്ചു**

"ഞാൻ" എന്ന പ്രസ്താവന യേശു നടത്തിയപ്പോൾ അവന്റെ ജീവിതത്തോടു ചിലർ സ്വീകരിച്ച രീതി അസാധാരണമായിരുന്നു. അവനെ ഒറ്റിക്കൊടുക്കുവാൻ വന്ന് യൂദാ, പടയാളികളുടേയും, യെഹൂദമതാദ്ധ്യക്ഷന്മാരുടേയും അകമ്പടിയോടെയാണ് ഗത്ത്ശമന തോട്ടത്തിലേക്കു വന്നത്. അവൾ അവനെ അവിടെ ശിഷ്യന്മാരോടുകൂടെ കണ്ടു: അവർ ആരെ അന്വേഷിക്കുന്നു എന്നു യേശു അവരോടു ചോദിച്ചു (യോഹന്നാൻ 18:4). "നസ്രായനായ യേശുവിനെ," എന്നു അവർ പറഞ്ഞപ്പോൾ അവൻ മറുപടി പറഞ്ഞത്, "*ഈഗോ എയ്മി*" ("ഞാൻ ആകുന്നു," മിക്കവെർഷനിലും തർജ്ജിമ "അവൻ ഞാൻ ആകുന്നു''). ആ ആയുധ പാണികളായ പടയാളികളും പ്രതാപത്തോടുകൂടിയ മതപ്രമാണിമാരും തീർച്ചയായും, അവൻ ഗലീലയിൽ നിന്നു ചുറ്റിത്തിരിയുന്ന ഒരു റബ്ബി ആയിട്ടാണോ അവനെ തിരിച്ചറിഞ്ഞത്? അങ്ങനെയെങ്കിൽ, *അവർ എന്തിനാണ് പിൻവാങ്ങി നിലത്തുവീണത്*? (യോഹന്നാൻ 18:2-8). ആ മതസ്ഥാപനത്തിന്റെ അധപന്മാർ പരിഹസിച്ചു വിലക്കുറച്ചു കളഞ്ഞ അവനെ അവർ ഭയപ്പെട്ടോ അതോ അശുഭ സൂചകമായി എന്തെങ്കിലും കണ്ടോ? കഷ്ടിച്ചു! അവർ കണ്ടതു സംപ്രീതനായ ഒരു വ്യക്തിയെയാണ്, അവർ കേട്ട ഭാഷ ദൈവികമായിരുന്നു - "ഈഗോ എയ്മി." അവൻ അതു രണ്ടു പ്രാവശ്യം പറഞ്ഞു! "അവൻ" എന്ന സർവ്വനാമം തർജ്ജിമക്കാർ ചേർത്തതാണ് ഗ്രീക്കു പുസ്തകത്തിൽ അതില്ല ബൈബിൾ വാക്യങ്ങൾ ചരിച്ചു കൊടുത്തിരിക്കുന്നതു പുസ്തകത്തിൽ പരിശോധിക്കാം. മൂലഗ്രന്ഥത്തിൽ ഇല്ലാത്തതും തർജ്ജിമകളിൽ കുറിപ്പുകളായി കൊടുത്തിരിക്കുന്നതുകൊണ്ട് "അവൻ" എന്നത്.

മുൻപുള്ള സന്ദർഭങ്ങളിൽ തനിക്കു പിതാവുമായുള്ള പ്രത്യേക ബന്ധം യേശു യെഹൂദ സദസ്യരോടു പറഞ്ഞിട്ടുണ്ട്. അവർ ഭൂമിയിൽ നിന്നുള്ളവരാണെന്നും, അവൻ ഉയരത്തിൽ നിന്നുള്ളവനാണെന്നും അവൻ ഊന്നി പറഞ്ഞു. അവരുടെ പാപങ്ങൾ നിമിത്തം അവൻ പോകുന്നിടത്തു അവർക്കു പോകുവാൻ സാധ്യമല്ല എന്നും അവൻ പറഞ്ഞു. എങ്ങനെയായാലും, അവൻ അവർക്കു, പ്രതിവിധികൊടുത്തു പറഞ്ഞു, "ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിച്ചില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും."[5] യേശു അവരുടെ മുൻപിൽ സ്പഷ്ടമാക്കി. "ഞാൻ" എന്ന ചോദ്യം പിന്നെ ഒരു വേദശാസ്ത്രപരമായ പ്രശ്നമാകുന്നേയില്ല.

ഇന്നും അങ്ങനെ ആവാൻ സാധ്യതയില്ല. യേശു ''ഞാൻ ആകുന്നവൻ" ആണ്. അവന്റെ പിതാവും "ഞാൻ ആകുന്നവൻ" ആണ്.

അതു ദൈവിക ഭാഷയാണ് യേശു ഏറ്റു പറഞ്ഞ അവന്റെ ദൈവികത്വത്തിന്റെ ഏതെങ്കിലും വിശ്വസിക്കാതിരുന്നാൽ അവനിലേക്കും അവന്റെ സ്വർഗ്ഗീയ ഭവനത്തിലേക്കും ഉള്ള വാതിൽ അടയും.

ദൈവമായി, യേശു അവനെ മശിഹയായി തിരിച്ചറിയുവാനാക്കി. ദൈവമായി, അവൻ യെഹൂദന്മാരുടെ രാജാവായി തിരിച്ചറിയുമാറാക്കി. ദൈവമായി, യേശു അവനെ മനുഷ്യപുത്രനായും തിരിച്ചറിയുവാനാക്കി. ദൈവമായി, യേശു അവനെ ദൈവ പുത്രനെയും തിരിച്ചറിയുമാറാക്കി. ദൈവമായി, യേശു ഈ ഭൂമിയിൽ പാപികളെ തിരഞ്ഞുരക്ഷിപ്പാൻ വന്നു. യേശു, തീർച്ചയായും, പുത്രനായ ദൈവം ആയിരുന്നു.

അവൻ ജഡമെന്ന മൂടുപടത്തിലായിരിക്കുമ്പോഴായിരുന്നു അവൻ ഈ തിരിച്ചറിയലുകൾ എല്ലാം നടത്തിയത്. അവയെല്ലാം തന്നെ ദൈവകൃപ, മഹത്വം, ശക്തി, ജ്ഞാനം എന്നിവ പ്രദർശിപ്പിക്കുന്നവയായിരുന്നു. *ആ തിരിച്ചറിവുകൾ എല്ലാം തന്നെ അവന്റെ ഉയിർത്തെഴുന്നേല്പിനാലും അധികാരത്താലും പ്രദർശപ്പിച്ചവയായിരുന്നു!* ഈ ജഡിക മൂടുപടം സ്നേഹിക്കുന്ന കൃപാലുവായ ദൈവത്തെ മറച്ചിരിക്കുന്നതും വെളിപ്പെടുത്തുന്നതും ആയിരുന്നു. യേശുവിന്റെ മനുഷ്യത്വത്തെ പഠിക്കുമ്പോൾ – ജഡ മൂടുപടത്തെ വീണ്ടും പരിശോധിക്കും.

---

കുറിപ്പുകൾ

[1]പുറപ്പാട് 3:13–15; 6:2, 3. [2]മില്ലർ ബറോസ്, എഡി, *ദ ഡെഡ് സീ സ്ക്രോൾസ് ഓഫ് സെന്റ് മാർക്സ് മൊണസ്റ്ററി,* വാല്യം 1. "ദ ഐസയ്യ മാനസ്ക്രിപ്റ്റ് ആന്റ് ദ ഹബക്കൂക്ക് കമെന്ററി" (ന്യൂ ഹെവൻ: ദ അമേരിക്കൻ സ്കൂൾസ് ഓഫ് ഓറിയെന്റൽ റിസേർച്ച്, 1950), പ്ലാറ്റേ 22, ലൈൻ 20; യശയ്യാവു 28:16; മുതലായവ. [3]നോക്കുക യോഹന്നാൻ 8:58 എൻ ഐ വി, ആർ എസ് വി, കെ ജെ വി, എൻ ഈ ബി, ആൻ ജെ ബി "സുവിശേഷത്തിൽ അതു ധആമേൻ, ആമേൻപ എന്നതു യേശു മാത്രമാണ് ഉപയോഗിച്ചത്, പ്രധാനപ്പെട്ട പ്രസ്താവനക്കു മുൻപായിട്ടാണ് എപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. അതു വാസ്തവത്തിൽ വളരെ പ്രാധാന്യമുള്ളത് എന്നു സൂചിപ്പിക്കുന്നു ആമേൻ എന്നതു യേശു തന്നെ ഉപയോഗിച്ചതാണ്. അതിനു യെഹൂദ സമാനതകൾ ഒന്നുമില്ല" (ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു ജോൺ,* ദ ന്യൂ ഇന്റർ നാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ്, ജെന. ഇഡി.എഫ്. എഫ് ബ്രൂസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1971], 169). [4]ഈ സറ്റൗഫർ, *ജീസസ് ആന്റ് ഹിസ് സ്റ്റോറി* (ലണ്ടൻ: എൻ.പി., 1960), മോറിസ് 159–ൽ, ഉദ്ധരിച്ചിരിക്കുന്നു. [5]ജോൺ 8:21–34; ന്യൂ അമേരിക്കൻ ബൈബിൾ സി. എഫ് കൂടാതെ യോഹന്നാൻ 8:27, 28; ന്യൂ അമേരിക്കൻ ബൈബിൾ ആന്റ് എൻ എ എസ് ബി.

© 2009 Truth for Today